**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 718** **09-06-2021 - ൽ മറുപടിയ്ക്ക്**

**കീഴൂർ ഫിഷറീസ് സ്റ്റേഷൻ കെട്ടിടം പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri Saji Cherian<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ കീഴൂർ ഫിഷറീസ് സ്റ്റേഷൻ കെട്ടിടം പണി പൂർത്തിയായിട്ട് എത്ര മാസമായി; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസറഗോഡ് ജില്ലയിലെ കീഴൂർ ഫിഷറീസ് സ്റ്റേഷൻ കെട്ടിടം പണി പൂർത്തിയായിട്ട് 4 വർഷവും 3 മാസവും ആയിട്ടുണ്ട്. |
| (ബി) | മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന തൊഴിലാളികളെ സഹായിക്കുന്നതിന് മറ്റ് ജില്ലകളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളതെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കാസറഗോഡ് ജില്ലയിൽ കടലിൽ മത്സ്യബന്ധനത്തിനിടെ അപകടത്തിൽ പ്പെടുന്ന തൊഴിലാളികളെ സഹായിക്കുന്നതിന് ജില്ലയിൽ തന്നെ പ്രവർത്തിയ്ക്കുന്ന രക്ഷാ ബോട്ടും ലൈഫ് ഗാർഡുമാരും ഉണ്ട്. ഈ രക്ഷാ ബോട്ടിൽ രക്ഷാ പ്രവർത്തനങ്ങൾക്കാവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ അടിയന്തര ഘട്ടങ്ങളിൽ കണ്ണൂർ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകളിൽ നിന്നുള്ള രക്ഷാ ബോട്ടുകളും മറൈൻ ആംബുലൻസും സഹായത്തിനായി എത്താറുണ്ട്. മാത്രമല്ല അടിയന്തിര ഘട്ടങ്ങളിൽ കോസ്റ്റൽ പോലീസിന്റെയും കോസ്റ്റ് ഗാർഡിന്റെയും, നേവിയുടെയും സഹായങ്ങൾ ലഭ്യമാക്കാറുണ്ട്. ഫിഷറീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിയ്ക്കുന്നതോടുകൂടി മറൈൻ എൻഫോഴ്സ്മെന്റിന്റെ മുഴുവൻ സമയ സാന്നിധ്യം ലഭ്യമാകുകയും KMFR ACT കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കുകയും ചെയ്യും. |
| (സി) | ജീവനക്കാരെ നിയമിച്ച് കീഴൂർ ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ഫിഷറീസ് സ്റ്റേഷൻ പ്രവർത്തനത്തിനാ വശ്യമായ തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ച് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ